(ബി) എങ്കിൽ ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) കമ്മിറ്റി റിപ്പോർട്ട് കിട്ടാൻ താമസം ഉണ്ടാകുന്നപക്ഷം തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിക്കുന്നതാണ്.

(ഡി) തീരുമാനം കൈകൊണ്ടിട്ടില്ല.

121 (2685) തഴപ്പായ നെയ്ത്ത് സഹകരണ സംഘങ്ങൾ

ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രി ബിസിനസ് കൺസോർഷ്യത്തിന്റെ കീഴിൽ സംസ്ഥാനത്ത് തഴപ്പായ നെയ്ത്ത് തൊഴിലാളികളുടെ എത്ര സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(ബി) ഈ സംഘങ്ങളിലെല്ലാംകൂടി എത്ര തൊഴിലാളികൾ അംഗങ്ങൾ ആയി ഉണ്ട്;

(സി) ഇതിലൂടെ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അഗ്രി ബിസിനസ് കൺസോർഷ്യത്തിന്റെ കീഴിൽ സംസ്ഥാനത്ത് 14 തഴപ്പായ വികസന സമിതികൾ തിരു-കൊച്ചി ശാസ്ത്ര സാഹിത്യ ധർമ്മ സ്ഥാപന സൊസൈറ്റി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ഇവ തൃശ്ശൂർ ജില്ലയിലെ എങ്ങണ്ടിയൂർ, വാടാനപ്പള്ളി, നാട്ടിക-തളിക്കുളം, വലപ്പാട്, ഇടമുട്ടം, കൈപ്പമംഗലം-പെരിങ്ങനം, മതിലകം-ശ്രീനാരായണപുരം, ഇടവിലങ്ങ്, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, മേത്തല- എറിയാട്ട് എന്നിവിടങ്ങളിലായി എട്ട് സമിതികളും കോട്ടയം ജില്ലയിൽ ടി.വി. പുരം, തലയാഴം, വെച്ചൂർ, വൈയ്ക്കം മുനിസിപ്പാലിറ്റി, ഉദയാനാപുരം കല്ലറ എന്നിവിടങ്ങളിലായി ആറ് സമിതികളുമാണ്.

(ബി) 2416 തൊഴിലാളികൾ ഈ സമിതികളിലെല്ലാംകൂടി അംഗങ്ങളായുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തഴപ്പായ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തു വാങ്ങി ശേഖരിക്കുന്നതിനുവേണ്ട സാമ്പത്തികസഹായം, കരവിരുത് വർദ്ധിപ്പിച്ച് വൈവിധ്യമാർന്നതും പരിഷ്ക്കരിച്ചതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുതകുന്ന പരിശീലനം, ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദകർ തന്നെ നേരിട്ട് വിപണനരംഗത്തിറങ്ങി വരുമാന വർദ്ധനവ് നേടുക എന്നിവയാണ് തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രധാന ആനുകൂല്യങ്ങൾ.

(ഡി) തഴ ഉൽപ്പന്നങ്ങളുടെ പ്രചരണാർത്ഥം വർദ്ധിച്ച വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികളും കൺസോർഷ്യം ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ എസ്.എഫ്.എ.സി. തയ്യാറാക്കിയ "തെങ്ങിൻതടിയുടെ ഫലപ്രദമായ വിനിയോഗത്തിനുള്ള പദ്ധതി" പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ഏറെക്കുറെ പൂർത്തിയാക്കിക്കഴിഞ്ഞു. എസ്.എഫ്.എ.സി. നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റ് പരിപാടികൾ ജൈവപ്ലേറ്റ് നിർമ്മാണ യൂണിറ്റുകൾ, വാഴനാര് ഉൽപ്പാദന യൂണിറ്റുകൾ, ഇഞ്ചിസത്തെടുക്കുന്ന യൂണിറ്റ്, അഗ്രി ബിസിനസ് കോംപ്ലക്സ് എന്നിവ സ്ഥാപിക്കുകയാണ്.

122 (2686) പോളിനേഷൻ തൊഴിലാളികൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നീലേശ്വരം പ്രാദേശിക വികസന കേന്ദ്രത്തിൽ പോളിനേഷൻ തൊഴിലാളികൾ എത്ര ഉണ്ടായിരുന്നുവെന്നും എത്ര വർഷമായി തൊഴിൽ ചെയ്തിരുന്നുവെന്നും വിശദീകരിക്കുമോ;

(ബി) പ്രാദേശിക വികസന കേന്ദ്രം കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറിയപ്പോൾ പ്രസ്തുത തൊഴിലാളികളേയും കൈമാറിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് പോളിനേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്താതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നീലേശ്വരം, പടന്നക്കാട് സർക്കാർ തെങ്ങിൻ തോട്ടത്തിൽ 50 പോളിനേഷൻ തൊഴിലാളികൾ 1975 മുതൽ ജോലി ചെയ്തിരുന്നു.

(ബി) ഇല്ല. തൊഴിലാളികളുടെ ലിസ്റ്റ് സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു.

(സി) പോളിനേഷൻ സീസണൽ സ്വഭാവമുള്ള ജോലിയാകയാൽ പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ല.

123 (2687) ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ പ്രവർത്തനത്തിന് ചെലവായ തുക

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly